"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൊവിഡ് 19 മഹാമാരി സമയത്ത് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ സിഎഫ്എൽറ്റിസി, ഡിസിസി എന്നിവ പ്രവർത്തിച്ചിരുന്ന തുവാനീസ ധ്യാനകേന്ദ്രത്തിലെ കെട്ടിടത്തിന്റെ പെയിന്റിങ്, പ്ലമ്പിങ് മറ്റു സൗകര്യങ്ങൾ മുതലായവയുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമായ തുക നൽകുന്നതിന് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2342/2022/LSGD** തീയതി,തിരുവനന്തപുരം, **26-09-2022**

---

പരാമർശം:-

1. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2022-ലെ 1(2) നമ്പർ തീരുമാനം
2. ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സന്റെ (കോട്ടയം ജില്ല) 26.07.2022-ലെ DM1-6182/2020 നമ്പർ ഉത്തരവ്
3. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.2022-ലെ B1-70/2022 നമ്പർ കത്ത്
4. 21.08.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.22

**ഉത്തരവ്**

കൊവിഡ് 19 മഹാമാരി സമയത്ത് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ സിഎഫ്എൽറ്റിസി, ഡിസിസി എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനായി മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കോതനല്ലൂർ തുവാനീസ ധ്യാനകേന്ദ്രത്തിന്റെ കെട്ടിടം ഉപയോഗിച്ചിരുന്നു. പുതിയതായി പണിത കെട്ടിടവും കട്ടിലുകൾ, ഫർണിച്ചർ ഉൾപ്പടെയുള്ള സൗകര്യവും സൗജന്യമായാണ് സിഎഫ്എൽറ്റിസി, ഡിസിസി സൗകര്യം ഒരുക്കുന്നതിനായി ധ്യാനകേന്ദ്രം വിട്ടു നൽകിയത്. തുടർച്ചയായ ഉപയോഗത്തിൽ കെട്ടിടത്തിന്റെ പെയിന്റിങ്, പ്ലമ്പിങ് മറ്റു സൗകര്യങ്ങൾ മുതലായവയ്ക്ക് അറ്റകുറ്റപ്പണി ആവശ്യമായി വന്ന സാഹചര്യത്തിൽ ഇതിന്റെ അറ്റകുറ്റപ്പണിക്ക് 20 ലക്ഷം രൂപ വരുമെന്ന് സ്ഥാപനത്തിന്റെ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 8.00 ലക്ഷം രൂപ തനതുഫണ്ടിൽ നിന്ന് വകയിരുത്തി ധ്യാനകേന്ദ്രത്തിന്റെ അറ്റകുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുകയും അതിന് ഡിഡിഎംഎ ചെയർമാനായ ജില്ലാകളക്ടർ പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.

2. നിർമ്മാണ പ്രവൃത്തി നടപടിക്രമങ്ങളിലൂടെ ഗ്രാമപഞ്ചായത്തിനു നടത്താൻ കാലതാമസമെടുക്കും എന്നതിനാൽ ഈ തുക കോതനല്ലൂർ തുവാനിസ ധ്യാനകേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ടു കൈമാറാൻ അനുമതി നൽകണമെന്നു സംബന്ധിച്ച മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം

സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി നടപ്പാക്കാനാവശ്യമായ തുക നൽകുന്നതിന് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ആകെ ചെലവ് 8.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം എന്നും ധ്യാനകേന്ദ്രം നേരിട്ട് പ്രവൃത്തി ചെയ്ത് പ്രവൃത്തിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ വാല്യുവേഷൻ പ്രകാരം ഘട്ടം ഘട്ടമായി തുക നല്കണമെന്നുമുള്ള വ്യവസ്ഥയിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ സിഎഫ്എൽറ്റിസി, ഡിസിസി എന്നിവ പ്രവർത്തിച്ചിരുന്ന ദുവാനീസ ധ്യാനകേന്ദ്രത്തിലെ കെട്ടിടത്തിന്റെ പെയിന്റിങ്, പ്ലമ്പിങ് മറ്റു സൗകര്യങ്ങൾ മുതലായവയുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമായ തുക നൽകുന്നതിന് മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്